# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം

ഉത്തരവ് നം: E2-38666/14 — തീയതി: 18.06.2019

വിഷയം:- സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം – വകുപ്പിലെ ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10%, ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് തസ്തികമാറ്റ നിയമനം – ഭേദഗതി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- 1) സാമൂഹ്യനീതി ഡയറക്ടറുടെ 12.06.2019-ലെ E2-38666/14 നമ്പർ ഉത്തരവ്.

പരാമർശത്തിലെ ഉത്തരവ് പ്രകാരം വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് ബൈട്രാൻസ്ഫർ നിയമനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, പത്തനംതിട്ട എന്നി ജില്ലകളിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ പത്തനംതിട്ട ജില്ലയിൽ ഗവ. ഓൾഡ് ഏജ് ഹോമിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. എം.എസ്. വിനോദിന് റാന്നി ICDSലേയ്ക്ക് ക്ലർക്ക് തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം അനുവദിച്ചിരുന്നു.

എന്നാൽ റാന്നി ICDSലെ ക്ലർക്ക് ശ്രീ. എൻ.എ. സണ്ണിക്കുട്ടി 31.08.2019-നാണ് വിരമിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ ഓഫീസ് അറ്റൻഡന്റ് ബൈട്രാൻസ്ഫർ നിയമനത്തിനായി പത്തനംതിട്ട ജില്ലയിൽ ഒഴിവില്ലാത്തതിനാൽ പരാമർശ പ്രകാരമുള്ള ഉത്തരവിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീ. എം.എസ്. വിനോദിന്റെ ബൈട്രാൻസ്ഫർ നിയമനം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ. എം.എസ്. വിനോദിനെ 01.09.2019-ന് പത്തനംതിട്ട ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിലവിൽ വരുന്ന ഒഴിവിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനത്തിനായി പരിഗണിക്കുന്നതായിരിക്കും.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാരന്
(കാര്യാലയ മേധാവി മുഖേന)

പകർപ്പ്:

1. ശിശു വികസന പദ്ധതി ഓഫീസർ, ICDS റാന്നി
2. സൂപ്രണ്ട്, ഗവ. ഓൾഡ് ഏജ് ഹോം, പത്തനംതിട്ട
3. ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
4. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. ഡയറക്ടറുടെ സി.എ.
6. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

AN